<u>പതിനാലാം കേരളനിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1759</u> <u>31.01.2018 ൽ മറുപടിയ്ക്ക്</u>

## <u>പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകി വരുന്ന പ്രൊമോഷൻ</u>

| ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകി വരുന്ന 10% പ്രൊമോഷൻ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ; | എ) | പഞ്ചായത്ത് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകി വരുന്ന 10% പ്രൊമോഷൻ സംബന്ധിച്ച് തടസ്സങ്ങളില്ല. എന്നാൽ നിലവിൽ കണ്ടിജന്റ് ജീവനക്കാരെ ക്ലറിക്കൽ തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതൊക്കെ ജില്ലകളിലാണ് ഇത്തരത്തിലുള്ള പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) | വയനാട് ഒഴികെയുള്ള ജില്ലകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| സി) | പാലക്കാട് ജില്ലയിൽ എറ്റവും അവസാനം പ്രൊമോഷൻ നൽകിയത് എന്നായിരുന്നു എന്ന് വിശദമാക്കുമോ; നാളിതുവരെ പ്രൊമോഷൻ കൊടുക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | സി) | പാലക്കാട് ജില്ലയിൽ ഏറ്റവും അവസാനം 15.02.2017 ന് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| ഡി) | എല്ലാ ജില്ലകളിലും അർഹതപ്പെട്ട മുഴുവൻ ജീവനക്കാർക്കും പ്രൊമോഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിലുള്ള തടസ്സങ്ങൾ മാറ്റുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി) | സ്വീകരിക്കുന്നതാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ